LIBRARY ARCHIVES Kerala Legislative Assembly

ക്യാഷ് ഇംപ്രസ്റ്റ് പരിധി വർദ്ധിപ്പിക്കാൻ നടപടി

13 (1733) ശ്രീ. എ. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർക്കാർ ആശുപത്രികളിൽ അത്യാഹിത സ്വഭാവമുള്ള അസുഖങ്ങൾക്ക് മരുന്നിനും മറ്റു ചികിത്സാ സാമഗ്രികളും വാങ്ങുന്നതിനുമായി ആശുപത്രി സൂപ്രണ്ടിന്റെ പക്കൽ സൂക്ഷിക്കാവുന്ന 'ക്യാഷ് ഇംപ്രസ്റ്റ്' എത്രയെന്ന് വ്യക്തമാക്കുമോ ;

(ബി) ഈ ആവശ്യത്തിനായി സി.എച്ച്.സി., പബ്ലിക് ഹെൽത്ത് സെന്റർ, താലൂക്ക് ആശുപത്രി, ജില്ലാ ആശുപത്രി, മെഡിക്കൽ കോളേജ് എന്നിവിടങ്ങളിലെ അധികാരികളുടെ പക്കൽ സൂക്ഷിക്കാവുന്ന 'ക്യാഷ് ഇംപ്രസ്റ്റ്' എത്രയെന്ന് വ്യക്തമാക്കുമോ ;

(സി) മരുന്നുകളുടേയും ചികിത്സാ സാമഗ്രികളുടേയും വിലവർദ്ധനവിനനുസരിച്ച് മേൽപ്പറഞ്ഞ സ്ഥാപനങ്ങളിലെ അധികാരികളുടെ പക്കൽ സൂക്ഷിക്കാവുന്ന 'ക്യാഷ് ഇംപ്രസ്റ്റിന്റെ' പരിധി വർദ്ധിപ്പിക്കുന്നകാര്യം പരിഗണിക്കുമോയെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ&ബി) സർക്കാർ ആശുപത്രികളിൽ ആശുപത്രി മാനേജ്മെന്റ് കമ്മിറ്റി ഫണ്ടിൽനിന്നുമാണ് അത്യാഹിത സന്ദർഭങ്ങളിൽ മരുന്നോ മറ്റ് ആശുപത്രി സാമഗ്രികളോ വാങ്ങുന്നതിന് ധനം കണ്ടെത്തുന്നത്. അതാത് സന്ദർഭങ്ങളിൽ ചെക്ക് മുഖാന്തിരമാണ് തുക മാറിയെടുക്കുന്നത്. ടി കമ്മിറ്റിയുടെ ഫണ്ട് കൈവശം സൂക്ഷിക്കുന്നതിന് വ്യവസ്ഥയില്ല. മെഡിക്കൽ കോളേജുകളുടെ കാര്യത്തിൽ സൂപ്രണ്ടുമാരുടെ പക്കൽ സൂക്ഷിക്കുന്ന പെർമനന്റ് അക്കൗണ്ട്സ് (PA) 1000 രൂപയാണ്.

(സി) ഇക്കാര്യം പരിശോധിക്കുന്നതാണ്.

മാനന്തവാടി ജില്ലാ ആശുപത്രികളുടെ വികസനം

14 (1734) ശ്രീ. കെ. സി. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം മാനന്തവാടി ജില്ലാ ആശുപത്രിയുടെ വികസനത്തിനായി നടപ്പാക്കിയ പദ്ധതികളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(ബി) മാനന്തവാടി താലൂക്കിലെ സി.എച്ച്.സി. കളുടെയും പി.എച്ച്.സി. കളുടെയും നവീകരണത്തിനായി സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ; ഇതിനായി എത്ര തുക ചെലവഴിച്ചു ;

(സി) പട്ടികവർഗ്ഗ വകുപ്പിൽനിന്നും ഏറ്റെടുത്ത നല്ലൂർനാട് ഗവൺമെന്റ് ആശുപത്രിയുടെ പ്രവർത്തന പുരോഗതി വിശദമാക്കുമോ ?

ഉത്തരം

(എ) അനുബന്ധം (എ)യിൽ ചേർത്തിട്ടുണ്ട്.*

(ബി) അനുബന്ധം (ബി)യിൽ ചേർത്തിട്ടുണ്ട്.*

(സി) ഇവിടെ കിടത്തിചികിത്സ തുടങ്ങിയിട്ടുണ്ട്. ഐ.പി., ഒ.പി. നല്ല രീതിയിൽ പ്രവർത്തിക്കുന്നു. ട്രൈബൽ വകുപ്പിന്റെ കീഴിൽ പ്രവർത്തിച്ചിരുന്ന ഈ ആശുപത്രി ഇപ്പോൾ നല്ല രീതിയിൽ പ്രവർത്തിച്ചുവരുന്നു.

കാസർഗോഡ് ജില്ലാ ആശുപത്രിയുടെ വികസനം

15 (1735) ശ്രീ. പള്ളിപ്രം ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാസർഗോഡ് ജില്ലാ ആശുപത്രിയിൽ സീനിയർ സർജൻ തസ്തിക നിലവിലുണ്ടോ ;

(ബി) ഇല്ലെങ്കിൽ തസ്തിക സൃഷ്ടിച്ച് നിയമനം നടത്തുവാൻ നടപടി സ്വീകരിക്കുമോ ;

(സി) ജില്ലാ ആശുപത്രിയിലെ പേ വാർഡിൽ അടിസ്ഥാന സൗകര്യങ്ങളും, ചികിത്സാ ഉപകരണങ്ങളും ഇല്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ഇവ ലഭ്യമാക്കുവാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ&ബി) കാഞ്ഞങ്ങാട് ജില്ലാ ആശുപത്രിയിൽ സ്പെഷ്യാലിറ്റി കേഡർ നടപ്പിലാക്കിയതിന്റെ ഭാഗമായി സർജറി വിഭാഗത്തിൽ കൺസൾട്ടന്റിന്റെയും ജൂനിയർ കൺസൾട്ടന്റിന്റേയും തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്. ഒഴിഞ്ഞുകിടക്കുന്ന ജൂനിയർ കൺസൾട്ടന്റ് തസ്തിക ഉടനെതന്നെ നികത്തുന്നതാണ്.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

ജില്ലാ ആശുപത്രികളിൽ സൈക്യാട്രിസ്റ്റ് നിയമനം

16 (1736) ശ്രീ. പള്ളിപ്രം ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ ജില്ലാ ആശുപത്രികളിൽ സൈക്യാട്രിസ്റ്റിന്റെ എത്ര ഒഴിവുകൾ ഉണ്ടെന്ന് വ്യക്തമാക്കുമോ ; ഇത് ഏതെല്ലാം ആശുപത്രികളിലാണെന്ന് വിശദമാക്കുമോ ;

(ബി) ഈ തസ്തികയിലേക്ക് പി.എസ്.സി. നിയമനപ്പട്ടിക നിലവിലുണ്ടോ എന്നറിയിക്കുമോ ;

(സി) ഇല്ലെങ്കിൽ ഈ ഒഴിവുകൾ നികത്തുവാൻ പി.എസ്.സി. മുഖേന നടപടി സ്വീകരിക്കുമോ ?

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly